LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സ്വകാര്യ സെക്യൂരിറ്റി സർവ്വീസ് മേഖലയിലെ കുറഞ്ഞ കൂലി നിരക്കുകൾ 24-7-2010-ലെ ജി.ഒ(എംഎസ്.) 80/2010/തൊഴിൽ പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരമുള്ള വേതനം ലഭിക്കുന്നില്ല എന്ന് കേരള സെക്യൂരിറ്റി എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച പരാതി അനന്തര നടപടികൾക്കായി ലേബർ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. മിനിമം കൂലി നൽകാത്ത സ്ഥാപനങ്ങൾ/തൊഴിലുടമകൾക്കെതിരെ ഇക്കാര്യം ശ്രദ്ധയിൽപ്പെടുമ്പോൾ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്.

കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ സംവിധാനം

51(2303) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് നിർമ്മാണ തൊഴിലിനായി കേരളത്തിലെത്തുന്ന തൊഴിലാളികളുടെ കണക്കും വിലാസവും പ്രത്യേകമായി ഓരോ രജിസ്റ്റേഡ് കൺസ്ട്രക്ഷൻ കമ്പനിയും സൂക്ഷിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ;

(ബി) മേൽപ്പറഞ്ഞ രീതിയിലുള്ള കൺസ്ട്രക്ഷൻ കമ്പനികളിൽ കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ അത്തരം ഒരു സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മേൽപ്പറഞ്ഞ രീതിയിലുള്ള കൺസ്ട്രക്ഷൻ കമ്പനികളിലെ കുടിയേറ്റ തൊഴിലാളികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിനും സാംക്രമിക രോഗങ്ങൾ ഉണ്ടോ എന്ന് നിർണ്ണയിക്കാനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ നിർമ്മാണ കമ്പനികളെക്കൊണ്ട് അത്തരം കാര്യങ്ങൾ ചെയ്യിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ തൊഴിലുടമകളും എല്ലാ തൊഴിലാളികളുടെയും വിശദവിവരം മസ്റ്റർ റോളിൽ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. സ്ഥിരമായി ജോലി നോക്കിവരുന്ന തൊഴിലാളിയുടെ കാര്യത്തിൽ, സ്ഥാപനങ്ങളിൽ ഇപ്രകാരം വിശദവിവരം ലഭ്യമാകുന്നതാണ്. എന്നാൽ സ്ഥിരമായി ഒരു തൊഴിലുടമയ്ക്കുവേണ്ടിയല്ലാതെ പല തൊഴിലുകൾ പല തൊഴിലുടമകൾക്കായി ചെയ്തു വരുന്ന അന്യസംസ്ഥാനക്കാരടക്കമുള്ള തൊഴിലാളികളുടെ വിശദവിവരം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നത് പ്രായോഗികമല്ല.

(ബി) 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ കൺസ്ട്രക്ഷൻ കമ്പനികളിലെ അന്യസംസ്ഥാന തൊഴിലാളികളടക്കമുള്ള എല്ലാ തൊഴിലാളികൾക്കും ബാധകമാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്നത് ഉറപ്പുവരുത്താറുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത തൊഴിലുടമകൾക്ക് ഇവ ഏർപ്പെടുത്തുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുന്നതിന് ഉത്തരവ് നൽകാറുണ്ട്. കൂടാതെ മറ്റ് തൊഴിൽ നിയമങ്ങൾ നൽകുന്ന എല്ലാ പരിരക്ഷയും മറ്റ് തൊഴിലാളികൾക്കെന്ന പോലെ അന്യസംസ്ഥാനത്തൊഴിലാളികൾക്കും ലഭിക്കുന്നതാണ്.

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ പലവിധ പകർച്ച വ്യാധികൾ പടരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തൊഴിൽ വകുപ്പ് "അന്യസംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ പദ്ധതി" നടപ്പിൽ വരുത്തുകയും ആരോഗ്യ വകുപ്പിന്റെ കൂടി സഹകരണത്തോടെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തി തൊഴിവാളികൾക്ക് സൗജന്യമായി മരുന്ന് നൽകുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം മെഡിക്കൽ ക്യാമ്പ് തൊഴിലുടമകൾ സംഘടിപ്പിക്കണമെന്ന് തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

അന്യ സംസ്ഥാന തൊഴിലാളികൾ

52(2304) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മരാമത്ത് മേഖലയിൽ അന്യസംസ്ഥാന തൊഴിലാളികൾ എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്തിച്ചേരുന്ന അന്യസംസ്ഥാന തൊഴിലാളികളെ തൊഴിലുടമകൾ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(സി) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് സർവ്വെ നടത്തി കൃത്യമായ മേൽവിലാസം സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് ജോലിക്കിടെ ഗുരുതരമായ അപകടമോ മരണമോ സംഭവിച്ചാൽ എന്തെങ്കിലും പരിരക്ഷ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്യസംസ്ഥാന തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നു എന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ തൊഴിലാളികൾക്ക് മിനിമം വേതനവും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly